ചിത്രസാഗറിന്റെ

# ആദ്യകിരണങ്ങൾ

31





സംവിധാനം:
**പി.ഭാസ്കരൻ**

# ആദ്യകിരണങ്ങൾ

| | | |
|---|---|---|
| കഥ | .... | പാറപ്പുറത്ത് |
| സംഭാഷണം | .... | തോപ്പിൽ ഭാസി |
| ഗാനരചന | .... | പി. ഭാസ്കരൻ |
| സംഗീതസംവിധാനം | .... | രഘുനാഥ് |
| കലാസംവിധാനം | .... | എസ്സ്. കോന്നനാട്ട് |
| രംഗസജ്ജീകരണം | .... | നീലകണ്ഠൻ |
| പശ്ചാത്തലനിമ്മാണം | .... | ജയരാം റെഡ്ഡി |
| വസ്ത്രാലങ്കാരം | .... | പി. മുത്തു |
| മേക്കപ്പ് | .... | പി. എൻ. കൃഷ്ണൻ |
| ചിത്രസംയോജനം | .... | ആർ. വെങ്കിട്ടരാമൻ |
| നിശ്ചലച്ഛായാഗ്രഹണം | .... | ശോഭനാ, തൃശ്ശൂർ |
| ശബ്ദലേഖനം | .... | വി. ബി. സി. മേനോൻ |
| ശബ്ദലേഖനസംവിധാനം | .... | വി. ശിവറാം |
| പ്രോസസ്സിംഗ് | .... | എസ്സ്. രങ്കനാഥൻ |
| ലാബറട്ടറി | .... | വിജയാ |
| ഛായാഗ്രഹണം | .... | യു. രാജഗോപാൽ |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് | .... | പി. കെ. രാമദാസ് |
| സ്ററുഡിയോ | .... | വാഹിനി |
| നിമ്മാതാക്കൾ | .... | വി. അബ്ദുള്ള<br>പി. ഭാസ്കരൻ |

**സംവിധാനം .... പി. ഭാസ്കരൻ**

# ആദ്യകിരണങ്ങൾ

## കഥാസാരം

വർഷങ്ങളായി കൂരിരുളിൽ ആണ്ടുകിടന്ന ഒരുനാടൻ പ്രദേശത്തേക്ക് പ്രകാശത്തിന്റെ നെയ്ത്തിരിയുമായി കടന്നുചെന്ന ശാലീനയായ ഒരു പെൺകുട്ടിയുടെ കഥയാണിത്. ഇതാ, ഈ കഥ കേൾക്കൂ :

ആനച്ചാൽ, മലയോരത്തുള്ള ഒരു കുഗ്രാമമാണ്. കല്ലുപാലത്തിൽ വീട് ഏററവും പ്രശസ്തമായ ഒന്നാണ് നല്ലവരിൽ നല്ലവനായ കല്ലുപാലത്തിൽ കറിയാച്ചനാണ് ആനച്ചാൽ പഞ്ചായത്തിന്റെ പ്രസിഡൻറ്. പക്ഷെ, കറിയാച്ചൻ നല്ലവനായിട്ടെന്തു ഫലം ? കറിയാച്ചന്റെ മൂത്ത മകൻ കുഞ്ഞുകുട്ടി പോക്രികളിൽ അഗ്രനാണ്.

കുഞ്ഞുകുട്ടിക്ക് പോക്രികളുടെ ഒരു സംഘടനയുണ്ട്. അവറാൻ, വേലു, പാപ്പി, ദാമോദരൻ അങ്ങിനെ, അങ്ങിനെ.

കറിയാച്ചന്റെ കെട്ടിയവളുടെ—അന്നമ്മ—വാദം പെണ്ണുകെട്ടിയാൽ കുഞ്ഞുകുട്ടി നന്നാകുമെന്നാണ്. അങ്ങിനെ അന്നുതന്നെ കറിയാച്ചൻ മകനോട് കീരിക്കാട്ടുള്ള കുട്ടിച്ചന്റെ വീട്ടിൽ പോയി ഒരു പെണ്ണിനെ കണ്ടിട്ടുവരാൻ ഇടവാടു ചെയ്യുന്നു.

അടുത്ത ദിവസം രാവിലെ കുഞ്ഞുകുട്ടി തന്റെ ഉററതോഴനായ അവറാനെയും കൂട്ടി പെണ്ണുകാണാൻ പുറപ്പെട്ടു. അല്പം 'ഒരുങ്ങി' കുട്ടിച്ചായന്റെ വീട്ടിലേക്കു പെണ്ണുകാണാൻ കയറിയ കുഞ്ഞുകുട്ടിയുടെയും കൂട്ടുകാരന്റെയും മുമ്പിലേക്ക് ഒരുങ്ങിയിറങ്ങിയ പെണ്ണ് മേരിക്കുട്ടിയാണ്. അവൾ അപ്പനോടു തീർത്തു പറഞ്ഞു, അവൾക്ക് ആ കല്യാണം വേണ്ടെന്ന്. കുഞ്ഞുകുട്ടിയും അവറാനും ക്ഷോഭിച്ചിറങ്ങിപ്പോയി.

ഇങ്ങിനെയിരിക്കെയാണ് കറിയാച്ചന്റെ ഒരു പൂർവ്വകാലസുഹൃത്തായ കുരിയച്ചൻ ആ വീട്ടിലേക്കു ചെന്നതു്. കുരിയച്ചന്റെ മകൾ ഗ്രേസിക്കുട്ടിയെ അവനു കൊടുക്കാൻ തയ്യാറാണെന്നു പറഞ്ഞപ്പോൾ കറിയാച്ചന്റെ കണ്ണുകൾ നിറഞ്ഞു.

കല്യാണം നടന്നു. കുഞ്ഞുകുട്ടിയുടെ സ്വഭാവത്തിനു കാര്യമായ മാററമൊന്നുമില്ല. ഗ്രേസി പ്രസവിച്ചു. ഒരാൺകുഞ്ഞ്.

കറിയാച്ചനും അന്നമ്മയും അവനെ താഴെയും മുകളിലും നിറ ത്താതെ താലോലിച്ചു വളർത്തി.

കുഞ്ഞുകുട്ടിക്ക് ഭാര്യയേയും കുട്ടിയേയും പ്രത്യേകകാര്യ മൊന്നുമില്ല. അയാൾ തന്റെ തോന്ന്യാസങ്ങൾ ഉർജ്ജിതമാ യിത്തന്നെ തുടർന്നുകൊണ്ടിരുന്നു. തന്നെയുമല്ല, തന്റെ കൂടിവ രുന്ന ആവശ്യങ്ങൾ നിറവേററാൻ തടിമോഷണവും തുടങ്ങി.

അപ്പനും മകനുമായി വഴക്കായി. അതിന്റെ ഫലം വേദ നാജനകമായിരുന്നു. കുഞ്ഞുകുട്ടി ഭാര്യയേയും കുട്ടിയേയും കൂട്ടി വീട്ടിൽ നിന്നിറങ്ങി, അടുത്തൊരു കൊച്ചുവീട്ടിൽ താമസമായി.

മേരിക്കുട്ടി ഗ്രാമസേവികാ സെലക്ഷന് അപേക്ഷിച്ചു. അവൾക്കു സെലക്ഷൻ കിട്ടി. ട്രെയിനിംഗ് കഴിഞ്ഞു. നിയ മിച്ചതോ ആനച്ചാലിലേക്ക്. അവൾക്ക് അങ്ങോട്ടു പോകാൻ മടിയായി. എന്നാൽ മാന്യനായ കറിയാച്ചൻ അവളെ തന്റെ നാട്ടിലേക്കു വരുവാനും തന്റെ വീട്ടിൽ താമസിക്കുവാനും നിർ ബ്ബന്ധിച്ചു.

മേരിക്കുട്ടിയും അമ്മയും ആനച്ചാൽ ചന്തമുക്കിനു വണ്ടിയി റങ്ങി. വണ്ടിയിറങ്ങിയ മേരിക്കുട്ടിയെ അവറാനും കുഞ്ഞുകുട്ടി യും കണ്ടു. അവർ പ്ലാനിട്ട് അവരെ താമസിപ്പിക്കുവാൻ കുഞ്ഞു കുട്ടിയുടെ പുതിയ താമസസ്ഥലത്തേക്കാണ് കൊണ്ടുപോയത്.

പാപ്പിയുടെ കെട്ടിയവളായ പെണ്ണുകുഞ്ഞ് ഗ്രേസിയോടു മേരിക്കുട്ടിയെ അവിടെ താമസിപ്പിക്കുന്നതിന്റെ ആപത്തു ചൂ ണ്ടിക്കാട്ടി. ഗ്രേസിയുടെ പെരുമാററത്തിൽ അസുഖം കണ്ട മേ രിക്കുട്ടിയും അമ്മയും കറിയാച്ചന്റെ വീട്ടിലേക്കു പോയി. ഈ സംഭവം കുഞ്ഞുകുട്ടിയെ ക്ഷോഭാകുലനാക്കി. മേരിക്കുട്ടിയെ ഒരു പാഠം പഠിപ്പിക്കുവാൻതന്നെ അയാളുറച്ചു.

കറിയാച്ചന്റെ ഇളയ മകൻ പാപ്പച്ചൻ സിങ്കപ്പൂരിൽനിന്നു വന്നു. പാപ്പച്ചനും മേരിക്കുട്ടിയും തമ്മിൽ അടുപ്പമായി.

ഗ്രേസി രണ്ടാമതും പൂർണ്ണഗർഭിണിയാണ്. കുഞ്ഞുകുട്ടി ഒരു വലിയ തടിമോഷണത്തിനു പ്ലാനിട്ടിരിക്കുന്നു. അശേഷം സുഖ മില്ലാതെ കട്ടിലിൽ കിടക്കുന്ന ഗ്രേസിയെ ശ്രദ്ധിക്കപോലും ചെയ്യാതെ അയാൾ കൂട്ടുകാരോടൊപ്പം കാട്ടിലേക്കു പുറപ്പെട്ടു.

മേരിക്കുട്ടി ഗ്രേസിയുടെ അടുത്തെത്തി. അവരം ഡാക്കുറെ വരുത്തിയപ്പോഴാണ് അപകടസ്ഥിതി ബോദ്ധ്യമായത്. 'എക്ലംം പ്ലീയം' എന്ന ഭയങ്കരരോഗമാണ്. ഉടൻ ആശുപത്രിയിലെത്തിക്കണം! കറിയാച്ചനേയും പാപ്പച്ചനേയും അറിയിക്കരുതെന്നു് (ഭത്താവിനെ ഭയന്നു്) ഗ്രേസി വാശിപിടിച്ചു. കുഞ്ഞുകുട്ടി എവിടെയെന്നറിവില്ല. പണം വേണം! മേരിക്കുട്ടി തന്റെ ആഭരണം പണയംവച്ച് രൂപായുണ്ടാക്കുവാൻവേണ്ടി അടുത്ത ഗ്രാമത്തിലേക്കോടി.

അടുത്ത ദിവസം പ്രഭാതത്തിൽ മേരിക്കുട്ടി ഗ്രാമത്തിലെത്തിയപ്പോഴാം കേട്ട വാത്ത അവളെ ഞെട്ടിച്ചു. കഴിഞ്ഞ രാത്രി കുഞ്ഞുകുട്ടിയോടൊപ്പം അവരം വനത്തിൽ ഒരു കുടിലിലായിരുന്നുവത്രെ. അവരം പറഞ്ഞ വാസ്തവസ്ഥിതിയെ കറിയാച്ചൻ പോലും പുച്ഛിച്ചുതള്ളി. അവരം അവിടെനിന്നും കുഞ്ഞുകുട്ടിയുടെ വീട്ടിലേക്കു താമസം മാററി. അതു് പ്രചരിച്ചിരുന്ന കഥയെ ബലപ്പെടുത്തിയതേയുള്ളു.

കുഞ്ഞുകുട്ടി, കൂട്ടുകാർ മദ്യപിച്ചു ബഹളം കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു രംഗത്തു ചെന്നു് അവരെ കണ്ടു. കുഞ്ഞുകുട്ടി കൂട്ടുകാരുമായി ഇടഞ്ഞു. ഉഗ്രമായ സംഘട്ടനം. അയാരംക്കു് അപകടകരമായി മുറിവേററു!

ഗ്രേസിയുടെ രോഗം ഉഗ്രമായി. ബോധമററു. മേരിക്കുട്ടി അവളെ ആശുപത്രിയിലെത്തിച്ചു. ജ്യേഷ്ഠനേയുംകൊണ്ടു് പാപ്പച്ചനും ആശുപത്രിയിലെത്തി.

അതാ—ഒരു രംഗം! നമുക്കെങ്ങിനെ നമ്മുടെ കണ്ണുകളെ വിശ്വസിക്കാം. കുഞ്ഞുകുട്ടി മേരിക്കുട്ടിയെ തഴുകിപ്പിടിച്ചുകൊണ്ടു് അവളെ ജീവനെക്കാളും സ്നേഹിക്കുന്നു—പ്രേമിക്കുന്നു—എന്നു പറയുകയാണ്—നല്ലവളിൽ നല്ലവളെന്നു നാം ധരിച്ചിരുന്ന മേരിക്കുട്ടിയോ അനുസരണയോടെ അയാളോടു ചേൻ്റു് ആശുപത്രിക്കിടക്കയിൽ ഇരിക്കുന്നു.

ഗ്രേസി ഈ രംഗം കണ്ടു!

കറിയാച്ചൻ ഈ രംഗം കണ്ടു!

അടുത്തതു് ? കണ്ടുതന്നെ തീരണം !!!

I

കല്യാണമോതിരം കൈമാറും നേരം
കള്ളക്കണ്ണെറിഞ്ഞോട്ടു നീട്ടിയില്ലേ,
കള്ളിയെപ്പോലെ നീ നോക്കിയില്ലേ.
ഉൽക്കണ്ഠയെന്തിനോ ഉൽക്കണ്ഠയെന്തിനോ
കൽക്കണ്ടമാണു നിൻ കാട്ടുരാജാ–നല്ല കൽക്കണ്ടം
നല്ല കൽക്കണ്ടമാണു നിന്റെ കാട്ടുരാജാ.
(കല്യാണ....)

എല്ലാർക്കും പാഴ്മുളയെന്നു തോന്നീ
പുല്ലാംകുഴലെന്നെനിക്കു തോന്നീ.
പുന്നാരപ്പാട്ടിനാൽ പൂമാല കോർത്തിടും
പൊന്നോടക്കുഴലെന്നു ഞാനറിഞ്ഞു–അവൻ
പൊന്നോടക്കുഴലെന്നു ഞാനറിഞ്ഞു.
(കല്യാണ....)

കട്ടിയിരുമ്പൊത്ത നെഞ്ചിനുള്ളിൽ
കനകം വിളയുന്ന മണ്ണു കണ്ടേ.
കണ്ണീരൊഴുക്കിയ മണ്ണു നനച്ചൊരു
മാതളപ്പൂന്തോട്ടം ഞാൻ വളർത്തും–അതിൽ
മധുരക്കിനാവുകൾ പൂത്തുനിൽക്കും.
(കല്യാണ....)

II

ഭാരതമെന്നാൽ പാരിൻനടുവിൽ
കേവലമൊരുപിടി മണ്ണല്ലാ.

ജന-കോടികൾ നമ്മെ നാമായ് മാററിയ
ജന്മഗൃഹമല്ലോ.

(ഭാരത....)

വിരുന്നുവന്നവർ ഭരണംപററി
മുടിഞ്ഞു പണ്ടീ വീടാകെ.
വീടു പുതുക്കിപ്പണിയുംവരെയും
വിശ്രമമില്ലിനിമേൽ.
തുടങ്ങിവച്ചു നാമൊരു കർമ്മം
തുഷ്ടിതുളുമ്പും ജീവിതധർമ്മം
സ്വതന്ത്രഭാരത വിശാലഹർമ്മ്യം
സുന്ദരമാക്കും നവകർമ്മം.

(ഭാരത....)

ഗ്രാമംതോറും നമ്മുടെ പാദം
ക്ഷേമം വിതറി നടക്കട്ടെ.
കുരകൾതോറും നമ്മുടെ കൈത്തിരി
കൂരിരുൾകീറി മുറിക്കട്ടെ.
അടിപതറാതീജ്ജനകോടികൾ പുതു-
പുലരിയിലേക്കു കുതിക്കട്ടെ.
അലസതയരുതേ—നമ്മുടെ ലക്ഷ്യം
അരികെ—യരികെ—യരികെ.

(ഭാരത....)

III

ഉറഞ്ഞാലേ പൊന്നുഞ്ഞാലേ
മുത്തിയമ്മ മുട്ടയിട്ടു

മുട്ടതോണ്ടി തോട്ടിലിട്ടു
രാരിരോ രാരിരാരോ.

തോട്ടിലാകെ കൈത വന്നു
പയ്യു വന്നു കൈത തിന്നു
കൈനിറയെ പാലും തന്നു
രാരിരോ രാരിരാരോ.

(ഉറഞ്ഞാലേ....)

പാലെടുത്തു പായസം വച്ചു
പായ്‌വിരിച്ചു കിണ്ണം വച്ചു
പഞ്ചസാര വേറെ വച്ചു
രാരിരോ രാരിരാരോ.

ഉണ്ണുവാൻ ആരാരുണ്ട്
ഉണ്ണിയുണ്ട് ഞാനുമുണ്ട്
വല്യപ്പൻ എങ്ങോ പോയി
രാരിരോ രാരിരാരോ.

(ഉറഞ്ഞാലേ....)

IV

കിഴക്കേ ദിക്കിലെ ചെന്തെങ്ങിൽ
കരിക്ക പൊന്തിയ നേരത്ത്
മുരുക്കിൻതയ്യേ നിന്നുടെ ചോട്ടിൽ
മുറക്കിത്തുപ്പിയതാരാണ്
മുറക്കിത്തുപ്പിയതാരാണ്!

(കിഴക്കേ....)

മലമുകളിലെ കിറുക്കൻ കാററിന്
കലിയിളകിയ കാലത്ത്
കലിയിളകിയ കാലത്ത്
മുല്ലവീട്ടിലെ മുത്തശ്ശിത്തള്ളേടെ
പല്ലുകൊഴിച്ചതാരാണ്
പല്ലുകൊഴിച്ചതാരാണ്.

(കിഴക്കു....)

വെള്ളത്തുണിയിട്ട മാനത്തെപ്പെണ്ണുങ്ങൾ
പള്ളിയിൽ പോകണ നേരത്ത്
പള്ളിയിൽ പോകണ നേരത്ത്
ഓടക്കാട്ടിൽ ഒളിച്ചിരുന്നു
ഓശാന പാടണതാരാണ്
ഓശാന പാടണതാരാണ്.

(കിഴക്കു....)

ഇടവപ്പാതിക്കു കരിമുകിലുകൾ
ഇളിച്ചുകാട്ടണ കാലത്ത്
ഇളിച്ചുകാട്ടണ കാലത്ത്
പടിക്കലെത്തിയ പാണനെപ്പോലെ
ഉടുക്കു കൊട്ടണതാരാണ്
ഉടുക്കു കൊട്ടണതാരാണ്.

(കിഴക്കു....)

V

പതിവായി പൌർണ്ണമിതോറും
പടിവാതിലിനപ്പുറമെത്തി

കണിവെള്ളരി കാഴ്ചവെക്കും
കനകനിലാവേ—കനകനിലാവേ.
(പതിവായി....)

മനസ്സിലെ പൂന്തേൻ കൂട്ടി
മധുരിക്കും വെള്ളരി തിന്നാൻ
കിളിവാതിലിൽ വന്നില്ലല്ലോ
വിരുന്നുകാരൻ.
മഴവില്ലിൻ പീലി ചുരുക്കി
പകലാകും പൊന്മയിൽ പോയാൽ
പതിവായി പോരാറുണ്ടാ-
വിരുന്നുകാരൻ.
(പതിവായി....)

ഇരുളുന്ന മാനത്തിൻെറ
കരിനീലക്കാട്ടകറ്റംതോറും
കരയാമ്പൂ നുള്ളി നടക്കും
കറുത്ത പെണ്ണേ
ദൂരത്തെ കുന്നിൻമേലെ
നീളുന്ന നിഴലിന്നുള്ളിൽ
നീയെങ്ങാൻ കണ്ടതുണ്ടോ
കളിത്തോഴനെ.
(പതിവായി....)

## VI

മലമൂട്ടിൽ നിന്നൊരു മാപ്പിള
മാലാഖ പോലൊരു പെമ്പിള

ഇളംകാററടിച്ചനേരം—അവർ
മുളങ്കാട്ടിൽവച്ചു കണ്ടു.
(മലമൂട്ടിൽ....)

മയിലാടിയില്ല-കിളി പാടിയില്ല-പക്ഷേ-
മാലാഖയോടവൻ കളി ചൊല്ലി.
വീണ മുറുക്കാനറിയാമോ
വീടു ഭരിക്കാനറിയാമോ
പാട്ടറിയാമോ കൂട്ടിനു വരുമോ
പാകം നോക്കാനറിയാമോ
(മലമൂട്ടിൽ....)

മാവു പൂക്കും മകരത്തിൽ
മണിമലപ്പള്ളിയിൽ പോരാമോ
മോടിയിൽ മന്ത്രകോടിയിൽ മൂടി
മോതിരക്കയ്യൊന്നു നീട്ടാമോ.
(മലമൂട്ടിൽ....)

## ആശാന്റെ പാട്ടുകൾ.

1) ആനച്ചാൽ ചന്തയെപ്പററി :—

ആനച്ചാൽ നാട്ടിലുള്ള ചന്തയിലെ
കല്ലോലതുല്യയാകും മെയ്യിലെഴുന്ന മങ്കേ
മെല്ലേ നടന്നു വാടീ നെല്ലാഫീസാണിവിടെ.
(ആന....)

കത്തി, മണി, പിഞ്ഞാണി, യന്ത്രങ്ങൾ, വിസ്കി
കത്തുന്ന തീപ്പെട്ടി, മണ്ണെണ്ണ, മൽമൽ

ചായക്കടെയതിൽ ചായയടിക്കുന്നു,
കാപ്പി പകരുന്നു, മുട്ടപൊരിക്കുന്നു
റൊട്ടി പൊരിക്കുന്നു.
പാലപ്പം, നെയ്യപ്പം, പപ്പടം, ഉണ്ട, സുഖിയനും
ദോശയെടുക്കുന്നു കീശയിൽ തപ്പുന്നു
കാശു കൊടുക്കുന്നു വേഗം നടക്കുന്നു.

(ആന....)

2) കുഞ്ഞുകുട്ടിയെപ്പററി :—

കല്ലുപാലത്തിൽ കറിയാച്ചൻ തന്നുടെ
ഉല്ലാസവാനാകും മല്ലനാം പുത്രൻ
നെഞ്ചുംവിരിച്ചു നടക്കുന്നു സാക്ഷാൽ
കുഞ്ഞുകുട്ടിയാം കേരളപുത്രൻ !

3) ശങ്കരിക്കുഞ്ഞമ്മയെപ്പററി :—

ശങ്കവിട്ടു വരുന്നല്ലോ ശങ്കരിക്കുഞ്ഞമ്മ-കുഞ്ഞമ്മ
തങ്കവർണ്ണപ്പട്ടുടുത്തു തൻകണവനൊത്തു.
വൃദ്ധരൂപമാണെന്നാലും വൃത്തിയുള്ള വേഷം
ഈ കർത്താവാണു് കുഞ്ഞമ്മേടെ ഭർത്താവെന്നതു
സത്യം.

4) കുഞ്ഞേലിയെപ്പററി :—

മഞ്ജുളഭാഷിണി ബാലെ
അഞ്ജനക്കണ്ണാളേ
കുവലയമിഴിയെ കുഞ്ഞേലിയാമ്മേ
കൂടെപ്പോരാമോ—എൻകൂടെപ്പോരാമോ.

പുള്ളിമാൻപിടപോലേ—നീ
തുള്ളി തുള്ളി വരുമ്പോൾ
കള്ളിപ്പെണ്ണേ ചെല്ലക്കിളിയെ
തള്ളിപ്പോയല്ലോ—കരൾ
തള്ളിപ്പോയല്ലോ.
പഞ്ചാരേയെൻചാരേ.
നെഞ്ചിനകത്തൊരു സഞ്ചാരം
വഞ്ചിക്കല്ലേ ഇഞ്ചിയിഞ്ചായി
നെഞ്ചുതകൻ്ന് പോകും
കുഞ്ഞേതലിയാമ്മേ—കൂടെപ്പോരാമോ.

5) <u>കേരളസഞ്ചാരം അഥവാ ഡീലക്സ് ബസ്സ്</u>

കണ്ണൂര്, ധർമ്മടം, തലശ്ശേരി, മാഹി
എണ്ണംപറഞ്ഞ വടകര പാഹി
തിക്കൊടി, കൊയിലാണ്ടി, കോരപ്പുഴയും
കക്കോടി, നടക്കാവ്, നൽക്കോഴിക്കോട്ടും.
പോരൂ പോരൂ കേരളം കാണാൻ
നേരേ പോകുന്ന ഡീലക്സ്ബസ്സിൽ
കുണ്ടോട്ടി, മലപ്പുറം, പട്ടാമ്പി, ഷൊർണ്ണൂർ
മലമകൾ വാഴുന്ന നല്ലൊരു തൃശ്ശൂർ
ഇടയ്ക്കൊന്നും എക്സ്പ്രസ്സ് ബസ്സ് നില്ക്കില്ലാ
എറണാകുളംപുരം കാണടി ബാലേ.
ആലപ്പുഴപിന്നെ കോട്ടയം കൊല്ലം
ചേലെഴും നല്ല തിരുവനന്തപുരം.
(പോരൂ പോരൂ....)

പാടിയവർ :

പി. ലീല, സുശീല, ഏ. പി. കോമള, യേശുദാസ്

പശ്ചാത്തലസംഗീതം .... എം. ബി. ശ്രീനിവാസൻ

നടീനടന്മാർ :

| | | |
|---|---|---|
| സത്യൻ | .... | കുഞ്ഞുകുട്ടി |
| അംബിക | .... | ഗ്രേസി |
| കെ. ആർ. വിജയ | .... | മേരിക്കുട്ടി |
| മധു | .... | പാപ്പച്ചൻ |
| എസ്സ്. പി. പിള്ള | .... | അവറാൻ |
| ബഹദൂർ | .... | വേലു |
| അടൂർ ഭാസി | .... | കൃഷ്ണനാശാൻ |
| അടൂർ പങ്കജം | .... | കുഞ്ഞേലി |
| പി. ജെ. ആൻറണി | .... | കറിയാച്ചൻ |
| ഫിലോമിന | .... | അന്നമ്മ |
| കുഞ്ഞാണ്ടി | .... | പാപ്പി |
| ജോസ് പ്രകാശ് | .... | ദാമോദരൻ |
| ഹാജി അബ്ദുറഹിമാൻ | .... | അപ്പുക്കുട്ടൻ |
| സണ്ണി | .... | സണ്ണി |
| ടി. ആർ. ഓമന | .... | പെണ്ണുകുഞ്ഞ് |
| കെടാമംഗലം ആലി | .... | കുരിയച്ചൻ |
| വാസു പ്രദീപ് | .... | തേവൻ |
| എലിസബത്ത് | .... | ഏലിയാമ്മ |
| കൃഷ്ണമ്മ (കെ.പി.ഏ.സി.) | .... | സാറാക്കൊച്ച് |
| മാസ്റ്റർ അജിത് | .... | ജോയിമോൻ |
| കാമ്പിശ്ശേരി | .... | കുട്ടിച്ചൻ |
| തോപ്പിൽ ഭാസി | .... | പുലയൻ |

പപ്പു, ഗോപി മുതലായവർ.

നിർമ്മാണം പുരോഗമിക്കുന്നു!

ചിത്രസാഗർ അവതരിപ്പിക്കുന്ന

എസ്സ്. ആർ. സി. യുടെ

# "ശ്യാമളച്ചേച്ചി"

സംഭാഷണം, സ്ക്രീൻപ്ലേ .... തോപ്പിൽ ഭാസി

സംഗീതം .... രഘുനാഥ്

കഥ, ഗാനങ്ങൾ, സംവിധാനം:

പി. ഭാസ്കരൻ

---

**Distribution :—**

CHITRASAGAR FILMS

Crown Theatre Building

CALICUT-1.

VENUS PRINTERS, CALICUT-4.